

# നമ്മുടെ കാലത്തെ വിമോചകൻ

## ഖുശ്‌വന്ത് സിംഗ്



**മുൻധാരണ** വിഷം പോലെയാണ്. ആദ്യഘട്ടങ്ങളിൽ തന്നെ മനസ്സിനെ അതിൽ നിന്ന് ശുദ്ധീകരിച്ചില്ലെങ്കിൽ അത് അർബുദം പോലെ പടരുകയും ശരിയും തെറ്റും വേർതിരിക്കാനുള്ള മനസ്സിന്റെ കഴിവിനെ ഇല്ലാതാക്കി കളയുകയും ചെയ്യും. തന്റെ മതമാണ് മറ്റെല്ലാ മതങ്ങളെക്കാളും മികച്ചത് എന്ന് ധരിക്കലാണ് ഈ മുൻധാരണകളിൽ ഏറ്റവും മോശമായത്. ഇത്തരക്കാർ മറ്റു മതങ്ങളെ സഹിച്ചെന്ന് വരാം. പക്ഷേ, അവയെ ഗൗരവത്തിൽ കാണുകയോ തന്റെ മതം പോലെ തത്തുല്യമായ അളവിൽ പ്രസക്തമാണ് അവയുമെന്ന് അംഗീകരിക്കുകയോ ചെയ്യില്ല.

ക്രിസ്തുമതം കഴിഞ്ഞാൽ ലോകത്ത് ഏറ്റവുമധികം ആചരിക്കപ്പെടുന്ന ഇസ്‌ലാമാണ് ഇന്ന് ഏറ്റവുമധികം തെറ്റിദ്ധരിപ്പിക്കപ്പെടുന്ന മതം. മറ്റു ഏതു മതത്തേക്കാളും കൂടുതൽ പുതുവിശ്വാസികളെ ഇന്നതിന് ലഭിക്കുന്നുണ്ട്. മധ്യപൗരസ്ത്യ ദേശത്തും വടക്കനാഫ്രിക്കയിലും സ്പെയിനിലും മുസ്‌ലിംകൾ മേധാവിത്വം സ്ഥാപിച്ചതോടെയാണ് ക്രൈസ്തവലോകത്ത് ഇസ്‌ലാമിനെതിരായ മുൻധാരണകൾ വ്യാപകമായത്. ഇസ്‌ലാമിനെ അതിന്റെ ജന്മനാട്ടിൽ തകർക്കാനുള്ള കുരിശുയുദ്ധക്കാരുടെ ദൗത്യം പരാജയപ്പെട്ടെങ്കിലും, ഇസ്‌ലാംമത പ്രവാചകനായ മുഹമ്മദിനെ തേജോവധം ചെയ്യാ

നുള്ള അവരുടെ ശ്രമങ്ങൾ തുടരുന്നു.

അൽഖാഇദ, താലിബാൻ പോലുള്ള സായുധ സംഘങ്ങളുടെ ആവിർഭാവം ഇങ്ങനെ ചെയ്യാനുള്ള ന്യായം അവർക്ക് നൽകുന്നുണ്ട്. 2001 സെപ്റ്റംബർ 11–ന് ന്യൂയോർക്കിലെ ലോക വ്യാപാര കേന്ദ്രത്തിലും വാഷിംഗ്ടണിലെ പെന്റഗണിലും നടന്ന ആക്രമണം ഇസ്‌ലാം ഭർത്സകർക്ക് പുതിയ വെടിക്കോപ്പുകൾ നൽകി.

അന്നു മുതൽ ഇസ്‌ലാംപേടി (ഇസ്‌ലാമോഫോബിയ) മുസ്‌ലിമേതര ലോകത്ത് വളരെ ബോധപൂർവം പടർത്തിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാംവിരുദ്ധരുടെ രണ്ട് പ്രധാന വാദമുഖങ്ങൾ ഇവയാണ്: ഒന്ന്, ഇസ്‌ലാം വാളുകൊണ്ട് പ്രചരിച്ചതാണ്. രണ്ട്, മുസ്‌ലിംകൾ പ്രചരിപ്പിക്കും പോലെ മുഹമ്മദ് നന്മയുടെ നിറകുടമൊന്നുമല്ല.

ഇസ്‌ലാം ജനതതികൾക്കു മേൽ അടിച്ചേൽപിക്കപ്പെടുകയായിരുന്നില്ല എന്ന തിന് ചരിത്രത്തിന്റെ സാക്ഷ്യമുണ്ട്. മില്യൻ കണക്കിനാളുകൾ ആ ദർശനത്തെ ആ ശ്ലേഷിച്ചത് അതവർക്ക് പുതിയ മൂല്യങ്ങൾ നൽകിയതിനാലാണ്. അക്കാലത്ത് കേട്ടു കേൾവി പോലുമില്ലാത്ത മനുഷ്യ സമത്വം, സ്ത്രീകളുടെ അവകാശങ്ങൾ എന്നിവ യാണ് ആ മൂല്യങ്ങളിൽ മുഖ്യമായവ. ഇന്തോനേഷ്യ, മലേഷ്യ പോലുള്ള രാജ്യങ്ങ ളിൽ മുസ്‌ലിം കൈയേറ്റക്കാരാൽ അടിച്ചേൽപ്പിക്കപ്പെടുകയായിരുന്നില്ലല്ലോ ഇസ്‌ലാം. അവിടങ്ങളിൽ മുസ്‌ലിം മിഷനറിമാരാണ് ഇസ്‌ലാം പ്രചരിപ്പിച്ചത്.

പ്രവാചകനെ വിമർശിച്ചാൽ വളരെ വൈകാരികമായിരിക്കും മുസ്‌ലിം പ്രതിക രണം. പേർഷ്യനിൽ ഒരു ചൊല്ലുണ്ട്: *ബാ ഖുദാ ദീവാനാ ബാഷോ, ബാ മുഹമ്മദ് ഹോഷിയാർ* (ദൈവത്തെക്കുറിച്ച് എന്തും പറഞ്ഞോളൂ, മുഹമ്മദിനെക്കുറിച്ച് പറയു മ്പോൾ കരുതിക്കോളൂ).

ഭൂമിയിൽ കാലുകുത്തിയ ഏറ്റവും സമ്പൂർണ മനുഷ്യനായിട്ടാണ് മുസ്‌ലിംകൾ പ്രവാചകൻ മുഹമ്മദിനെ കാണുന്നത്. ആദാമിന്റെയും മോശയുടെയും നോഹയു ടെയും അബ്രഹാമിന്റെയും യേശുവിന്റെയും പിൻമുറക്കാരൻ. പ്രവാചക പരമ്പര യിലെ അവസാനത്തെ കണ്ണി. മുസ്‌ലിംകൾ അദ്ദേഹത്തെ എങ്ങനെ കാണുന്നു എന്ന റിയാൻ, ദൈവത്തിൽനിന്ന് ലഭിച്ചത് എന്ന് അദ്ദേഹം പറയുന്ന അധ്യാപനങ്ങളെയും അദ്ദേഹത്തിന്റെ ജീവിതത്തെയും പഠനവിധേയമാക്കിയാൽ മതി. അൽഖാഇദയുടെയും താലിബാന്റെയും ചെയ്തികൾ വെച്ചോ, ആയത്തുല്ലമാരുടെയും പക്വതയില്ലാത്ത മുല്ല മാരുടെയും ഫത്‌വകൾ വെച്ചോ അദ്ദേഹത്തെ വിലയിരുത്തുന്നത് തെറ്റായിരിക്കും.

വേദങ്ങളിലെയും ഉപനിഷത്തുക്കളിലെയും ഹിന്ദുമതത്തെ നിങ്ങൾ വിലയിരു ത്തുന്നത് പള്ളികൾ തകർക്കുകയും മിഷനറിമാരെയും കന്യാസ്ത്രീകളെയും കൊല പ്പെടുത്തുകയും ലൈബ്രറികളും കലാകേന്ദ്രങ്ങളും കൈയേറി നശിപ്പിക്കുകയും ചെയ്യുന്ന ഹിന്ദുത്വരുടെ പ്രവൃത്തികൾ നോക്കിയല്ലല്ലോ. ജർണയിൽ സിംഗ് ഭിന്ദ്രൻവാ ലയുടെ വാക്കുകൾ വെച്ചോ, അയാളുടെ ഗുണ്ടകൾ നിരപരാധികളെ കൂട്ടക്കൊല നടത്തിയത് വെച്ചോ നിങ്ങൾ സിഖ് ഗുരുക്കന്മാരുടെ അധ്യാപനങ്ങളെയും വിലയിരു ത്തുന്നില്ല. അതുപോലെ, മുഹമ്മദ് എന്ത് പഠിപ്പിക്കുകയും എന്തിനു വേണ്ടി നിലകൊ ള്ളുകയും ചെയ്തു എന്നു നോക്കി നിങ്ങൾ മുഹമ്മദിനെയും വിലയിരുത്തുക. അദ്ദേ ഹത്തിന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവർ അദ്ദേഹത്തിന്റെ പേരിൽ ചെയ്തു കൂട്ടുന്നത് വെച്ച് ആ വ്യക്തിത്വത്തെ അളക്കാതിരിക്കുക.

നാൽപത് വയസ്സുള്ളപ്പോഴാണ് മുഹമ്മദിന് ദിവ്യ വെളിപാടുകൾ ലഭിക്കുന്ന ത്. ആ വെളിപാടുകൾ മുഹമ്മദിനെ പുതിയ രക്ഷകനായി അവതരിപ്പിച്ചു. വെളിപാ ടുകൾ തുടർന്നുകൊണ്ടേയിരുന്നു. ചിലപ്പോൾ നിലവിലുള്ള ഒരു പ്രശ്നത്തെ

കൈകാര്യം ചെയ്തുകൊണ്ട്, മറ്റു ചിലപ്പോൾ ആത്മീയ കാര്യങ്ങൾ വിശദീകരിച്ചു കൊണ്ട്. ഇവ അനുയായികൾ മനഃപാഠമാക്കുകയും എഴുതിവെക്കുകയും ചെയ്തു. അതാണ് ഖുർആൻ. വായിക്കപ്പെടുന്നത് എന്നാണതിന്റെ അർഥം.

മുഹമ്മദ് സ്വന്തം ആശയങ്ങളല്ല പ്രബോധനം ചെയ്തത് എന്ന് മനസ്സിലാക്കണം. അദ്ദേഹം ഊന്നിപ്പറഞ്ഞ പലതും യഹൂദ മതത്തിൽ നേരത്തേ ഉള്ളതാണ്. പ്രവാചകന് മുമ്പ് 'അല്ലാഹു' എന്നത് അറബിയിൽ ദൈവത്തിന് പറഞ്ഞിരുന്ന പേരാണ്. ഇസ്‌ലാം എന്നാൽ വിധേയപ്പെടൽ, സമാധാനം എന്നൊക്കെയാണ് അർഥം. ജൂത പാരമ്പര്യത്തിലുള്ള അനുവദനീയം (ഹലാൽ), നിഷിദ്ധം (ഹറാം– പന്നിമാംസം പോലുള്ളവ) എന്ന ഭക്ഷണ വിഭജനത്തെ അംഗീകരിച്ചു. അഞ്ചു നേരത്തെ പ്രാർഥനയും ആൺകുട്ടികളുടെ ചേലാകർമവും നിലനിർത്തി.

മുഹമ്മദ് ദൈവത്തിന്റെ ഏകത്വമാണ് അടിവരയിട്ട് പറഞ്ഞത്. വിവിധ ഗോത്രങ്ങൾ ആരാധിച്ചിരുന്ന ശിലാദേവതകൾ യഥാർഥ ദൈവത്തിന് തുല്യമാകില്ലെന്ന് സമർഥിച്ചു. മുഹമ്മദ് ഒരിക്കലും ഈ വിശ്വാസക്രമം സ്വീകരിക്കാൻ ജനങ്ങളെ നിർബന്ധിച്ചില്ല. മതത്തിൽ ബലപ്രയോഗമില്ല ( ലാ ഇക്‌റാഹ ഫിദ്ദീൻ). ദൈവം ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെ ഒറ്റ സമുദായമാക്കുമായിരുന്നെന്നും ഖുർആൻ പറയുന്നു.

ആദ്യ ഭാര്യ ഖദീജയുടെ മരണശേഷം ഏതാനും സ്ത്രീകളെ അദ്ദേഹം വിവാഹം ചെയ്തതാണ് മിക്ക അടിസ്ഥാനരഹിതമായ ആരോപണങ്ങളുടെയും മർമം. അക്കാലത്തെ അറേബ്യൻ സമൂഹത്തെ മുമ്പിൽ നിർത്തിയേ ഇക്കാര്യം വിശകലനം ചെയ്യാനാവൂ. പരസ്പരം പോരടിച്ചും കച്ചവട സംഘങ്ങളെ കൊള്ളയടിച്ചുമാണ് ഗോത്രവർഗങ്ങൾ ജീവിച്ചുപോന്നിരുന്നത്. പുരുഷന്മാർ ധാരാളമായി കൊല്ലപ്പെടാറുണ്ടായിരുന്നു.ഇത് ഗുരുതരമായ തോതിൽ ലിംഗ സന്തുലനത്തെ താളം തെറ്റിച്ചു. കൊല്ലപ്പെട്ടവരുടെ വിധവകൾക്കും അനാഥകളായ മക്കൾക്കും വീടും മറ്റു ജീവിതായോധന മാർഗങ്ങളും നൽകേണ്ടതുണ്ടായിരുന്നു. അല്ലാത്തപക്ഷം അവർ വേശ്യകളോ യാചകരോ ആയിത്തീരും. ഈ സ്ത്രീകളെ വിവാഹത്തിലൂടെ സ്വീകരിച്ച് അവർക്ക് സംരക്ഷണം നൽകുകയാണ് ചെയ്യുന്നത്. അതോടൊപ്പം, വൈവാഹിക ബന്ധങ്ങൾ അക്കാലത്ത് വിവിധ ഗോത്ര വർഗങ്ങളെ കൂട്ടിയിണക്കുന്ന കണ്ണിയായി വർത്തിക്കുകയും ചെയ്തിരുന്നു. ഏകഭാര്യാത്വമാണ് മികച്ചതെന്ന് പ്രഖ്യാപിച്ച ആദ്യ ഗുരുവും അദ്ദേഹമായിരുന്നു. നാലിൽ കൂടുതൽ ഭാര്യമാരുണ്ടാവരുതെന്നും പരിധി വെച്ചു; അതും എല്ലാ ഭാര്യമാരെയും ഒരുപോലെ സന്തോഷിപ്പിക്കാൻ കഴിയണം എന്ന വ്യവസ്ഥയോടെ. അതാകട്ടെ, ഏറക്കുറെ അസാധ്യവുമാണ്. ഇത് സംബന്ധമായ ഖുർആൻ വചനം ഇങ്ങനെയാണ്: "അനാഥകളോട് നീതി പാലിക്കാനാവില്ലെന്ന് ആശങ്കിക്കുന്ന പക്ഷം, നിങ്ങൾക്കിഷ്ടപ്പെട്ട സ്ത്രീകളിൽനിന്ന് രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്യുക. എന്നാൽ അവർക്കിടയിൽ നീതി പാലിക്കാനാവില്ലെന്ന് ആശങ്കിക്കുന്നുവെങ്കിൽ ഒരൊറ്റ സ്ത്രീയെ മാത്രമേ വിവാഹം ചെയ്യാവൂ." അക്കാലത്ത് ലോകത്തുണ്ടായിരുന്ന പിതൃദായ (patriarchal) സമൂഹങ്ങളിലെല്ലാം ബഹുഭാര്യാത്വം ഒരു സമ്പ്രദായമായിരുന്നു എന്നും നാം ഓർക്കണം.

നിങ്ങളുടെ മുസ്‌ലിംവിരുദ്ധ മുൻധാരണകൾ നീക്കാനുള്ള ആദ്യപടി എന്ന നിലക്ക് കരൺ ആംസ്ട്രോംഗിന്റെ 'Muhammad: A Prophet for Our Time' എന്ന പുസ്തകം ഞാൻ നിർദേശിക്കുന്നു. മതതാരതമ്യ പഠനത്തിൽ മുൻനിര എഴുത്തുകാരിയായ ഇവർ മുസ്‌ലിമല്ല. ■

(*ദ ടെലഗ്രാഫ്* 2008 ഫെബ്രുവരി 16)